(ബി) പതിനാലു പേരെ.

(സി) കേരള മാനുഫാക്ചർ ആന്റ് സെയിൽസ് ഓഫ് സ്റ്റാമ്പ് റൂൾസ് 1960 റൂൾ 35 പ്രകാരവും ഗവൺമെന്റിന്റെ 12-2-2001-ലെ 16490/ഇ2/00/നി.വ. നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിലുമാണ് നിയമനം നടത്തിയിട്ടുള്ളത്.

ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

തിരുവനന്തപുരം	:	3
കൊല്ലം	:	1
പത്തനംതിട്ട	:	1
ആലപ്പുഴ	:	5
മലപ്പുറം	:	1
കോഴിക്കോട്	:	2
കാസർഗോഡ്	:	1
		14

എക്സൈസ് വകുപ്പിലൂടെയുള്ള മൊത്ത വരുമാനം

35 (1089) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ അഞ്ച് വർഷത്തെ എക്സൈസ് വകുപ്പിലൂടെയുള്ള സർക്കാരിന്റെ മൊത്തം വരുമാനം എത്രയെന്ന് വെളിപ്പെടുത്താമോ ;

(ബി) ബിവറേജസ് കോർപ്പറേഷൻ വഴി പ്രസ്തുത കാലയളവിൽ ലഭിച്ച റവന്യൂ വരുമാനം എത്രയായിരുന്നു ?

ഉത്തരം

(എ) കഴിഞ്ഞ അഞ്ച് വർഷത്തെ എക്സൈസ് നികുതിയിനത്തിൽ ഈ വകുപ്പിലൂടെയുള്ള സർക്കാരിന്റെ മൊത്തവരുമാനം 2989.63 കോടി രൂപയാണ്.

(ബി) പ്രസ്തുത കാലയളവിൽ കെ. എസ്. ബി. സി. വഴി ലഭിച്ച ആകെ റവന്യൂ വരുമാനം 5547.57 കോടി രൂപയാണ്.

വിജിലൻസ് റെയ്ഡുകളുടെ വിശദാംശം

36 (1090) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ രണ്ടു വർഷങ്ങളിലായി എക്സൈസ് ഓഫീസുകളിൽ എത്ര വിജിലൻസ് റെയ്ഡുകൾ നടത്തിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) റെയ്ഡിൽ നിന്നും എത്ര ലക്ഷം രൂപ പിടിച്ചെടുത്തു ;

(സി) ഇതിനെത്തുടർന്ന് എത്ര ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തു ;

(ഡി) എത്ര ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷണ നടപടി സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) 10 എണ്ണം.

(ബി) രൂപ 1,84,770

(സി) വിജിലൻസ് വകുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) വിജിലൻസ് ഡിപ്പാർട്ടുമെന്റിൽ നിന്ന് റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണ്.

വ്യാജ മദ്യനിർമ്മാണവും വിപണനവും തടയുന്നതിന് നിയമ പരിഷ്ക്കരണം

37 (1091) ശ്രീ. മത്തായി ചാക്കോ :
ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ വ്യാജ നിർമ്മാണവും വിതരണവും സംസ്ഥാനത്ത് വ്യാപകമാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) വ്യാജമദ്യ നിർമ്മാണവും വില്പനയും തടയുന്നതിന്റെ ഭാഗമായി വ്യാജ നിർമ്മാണ കേന്ദ്രങ്ങൾ റെയിഡു നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഡി) ഇതിൽ എത്ര കേസുകളിൽ പ്രതികളെ അറസ്റ്റു ചെയ്തു ; എത്ര കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ ;

(ഇ) വ്യാജമദ്യ നിർമ്മാണവും വിപണനവും തടയുന്നതിന് നിലവിലുള്ള നിയമം പര്യാപ്തമാണെന്നു സർക്കാർ കരുതുന്നുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നിയമ നിർമ്മാണം നടത്താൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly